**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1975** **14-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷനുകളുടെയും സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയുടെയും കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുടങ്ങിക്കിടക്കുന്ന ക്ഷേമ പെൻഷൻ കുടിശിക ഈ സാമ്പത്തിക വർഷം കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മു തൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യസുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തി വരുന്നു . പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ മുഖ്യമന്ത്രി ചട്ടം 300 പ്രകാരം "പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻകുടിശ്ശിക, ഗുണഭോക്താക്കൾക്ക് 2024-25 സാ മ്പത്തിക വർഷം രണ്ടു ഗഡുക്കളും , 2025 -26 സാ മ്പത്തിക വർഷം മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു " എന്ന് പ്രസ്താവിച്ചിരുന്നു . ഓണത്തോടനു ബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ 10.09.2024-ലെ സ.ഉ(സാധാ)നം .6908/2024/ധന, 11.09.2024-സ.ഉ(സാധാ)നം 6922/2024/ധന എന്നീ ഉത്തരവുകൾ പ്രകാരം സെ പ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും അനുവദി ച്ച് വിതരണം നടത്തിയി ട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു മാസത്തെ കുടിശ്ശിക കൂടിയാണ് ഇനി അനുവദിക്കുവാനുള്ളത്. ആയത് ഈ സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരി ച്ചുവരുന്നു . |
| (ബി) | സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശിക ഈ സാമ്പത്തിക വർഷം കൊടുത്തു തീർക്കുവാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ? | (ബി) | സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശി ക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോ ധിച്ചു വരികയാ ണ്. |

സെക്ഷൻ ഓഫീസർ